# അക്കാദമിക മാസ്റ്റർപ്ലാൻ

# Govt: NMLPS കുലഞ്ഞൂർ

# ബോധവൽക്കരണ ക്ലാസ്സുകൾ

## ജൂൺ 3 മുതൽ 13 വരെ.

| | |
|---|---|
| ജൂൺ 3 | ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ |
| ജൂൺ 4 | റോഡ് നിയമങ്ങൾ, സ്കൂൾ യാത്രയിൽ പാലിക്കേണ്ടവ |
| ജൂൺ 5 | വ്യക്തിശുചിത്വം, മാലിന്യസംസ്കരണം, ഹരിതക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം |
| ജൂൺ 9 | ആരോഗ്യം, വ്യായാമം, കായികക്ഷമത, ആഹാരശീലം |
| ജൂൺ 10 | മൊബൈൽ ഫോൺ, ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം. |
| ജൂൺ 11 | പൊതുമുതൽ സംരക്ഷണം, നിയമബോധം കാലാവസ്ഥ മുൻകരുതൽ. |
| ജൂൺ 13 | പൊതുവായ ക്രോഡീകരണം. |

# - ആമുഖം -

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്.

എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാകുക എന്ന ലക്ഷ്യം മുൻനിർത്തി തയാറാക്കിയിരിക്കുന്ന ഈ മാസ്റ്റർ പ്ലാൻ ആ നേട്ടം കൈവരിക്കാൻ നമ്മുടെ സ്കൂളിനെ സഹായിക്കുമെന്ന് വിശ്വസിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുഞ്ഞുങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലക്ഷ്യമാകും. പൊതുസമൂഹത്തിന്റെ പിന്തുണയിലൂടെ വരും വർഷങ്ങളിലും വിദ്യാലയമികവ് തുടർന്നു കൊണ്ടുപോകാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്ത് പകരാൻ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും

വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

- കുട്ടികളുടെ കഴിവ്, അഭിരുചി എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.
- ആധുനിക സാങ്കേതികവിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുക.
- ഒന്നാം ക്ലാസ്സുമുതൽ നാലാം ക്ലാസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമികസമ്പൂർത്തിനാവശ്യമായ പിന്തുണ നൽകുക.
- വിദ്യാലയം ഒരു പാഠപുസ്തകം എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയങ്ങൾ മാറ്റും.
- ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
- ഹരിതസേന രൂപീകരിക്കൽ

## ലക്ഷ്യങ്ങൾ

ഭാഷാവികസനം:-

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനു ഉതകുന്നതിനു പ്രാപ്തമാക്കുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- വിശദവായനയിലും വളർത്തുക.

## ഇംഗ്ലീഷ്

- ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തമാക്കുക.
- സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.
- സാങ്കേതികവിദ്യാഭ്യാസസാധ്യതകൾ ഇംഗ്ലീഷ്ഭാഷാവികസനത്തിന് ഉപയോഗപ്പെടുത്തുക.
- ഹലോ ഇംഗ്ലീഷ് മൊഡ്യൂളിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കുക.

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക.
- ശാസ്ത്രാനുഭവം ഒരുക്കുക
- പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
- ലാബുകൾ സജ്ജമാക്കുക
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ പരിചയപ്പെടുത്തുക.

## സാമൂഹികാവബോധം

- ജനാധിപത്യവേദികൾ ഒരുക്കുക.
- സംസ്കാരം വളർത്തിയെടുക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

- അടിസ്ഥാനഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്നുറപ്പാക്കുക.

ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവരസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ
- അറിവ് നിർമ്മാണപ്രക്രിയയിൽ വിവരസാങ്കേതികവിദ്യകൾ ഉപയോഗിക്കൽ
- കുട്ടികൾക്ക് കമ്പ്യൂട്ടറുകൾ കൈകാര്യം ചെയ്യാനുള്ള അവസരം നൽകൽ.

പ്രവൃത്തിപരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കൽ
- പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങൾ പ്രയോജനപ്രദമായ ഉല്പന്നങ്ങളോ നിർമ്മിക്കൽ
- ഇതരവിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക.

കലാപരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനികസാങ്കേതികവിദ്യ കലാപഠനത്തിന് ഉപയോഗപ്പെടുത്തുക.

ആരോഗ്യകായികവിദ്യാഭ്യാസം

- മണ്ണിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തുക.

- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായികവിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരമൊരുക്കുക.

ശീർഷകം: പ്രവർത്തനം - പുസ്തകം എന്റെ ചങ്ങാതി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| കുട്ടികളിൽ വായനാഭിരുചി വളർത്തുക. | പുസ്തകങ്ങളെ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | മാസത്തിൽ ഒരു ദിവസം (രണ്ടു പുസ്തകം) | അദ്ധ്യാപകർ |
| എന്റെ പിറന്നാൾ പുസ്തകം മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലെയും ക്ലാസ് ലൈബ്രറികൾ ശക്തമാക്കുന്നു. പിറന്നാൾ പുസ്തകം പദ്ധതിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചേഴ്സ്. |
| ഉച്ചത്തിൽ വായന അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | എല്ലാ ദിവസവും ഉച്ചത്തിൽ വായനയ്ക്കുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചേഴ്സ് |

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| കുട്ടികളുടെ (വായനക്കാരൻ) മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കാൻ ഓരോ ക്ലാസ്മുറിയിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | സ്കൂൾ ലൈബ്രറി കമ്മിറ്റി | |
| ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ. ലേഖനം: ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെയും പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊണ്ട് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | ഫിബ്രവരി ആദ്യം | ക്ലാസ്ടീച്ചർ | |
| ക്ലാസ്തല പതിപ്പുകൾ ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയവിശേഷങ്ങൾക്കുള്ളിലെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | ഫിബ്രവരി ആദ്യം | ക്ലാസ്ടീച്ചർ | |
| ഉയർന്ന വായനക്കുറിപ്പുകൾ എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ. ചെറിയ ക്ലാസിൽ വായനാ കാർഡ് പുസ്തകങ്ങൾ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ | |

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കയ്യെഴുത്ത് മാസികകൾ<br>കുട്ടികൾക്ക് സർഗ്ഗാത്മക രചനയ്ക്കുള്ള അവസരമൊരുക്കൽ. | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ. | പ്രിന്റഡ് മാസിക തയ്യാറാക്കുന്നു. | വിദ്യാരംഗം ക്ലബ്ബ് |
| സർഗ്ഗവേള:<br>സർഗ്ഗാത്മകശേഷി. എല്ലാകുട്ടികളെയും അവർ ചാതുർണ്ണ വായിച്ചെഴുതുന്നതിന് പ്രാപ്തരാക്കുന്നു. | വായിച്ചതോ, കണ്ടതോ ആയ കാഴ്ചകളെ സ്വന്തം തരത്തിൽ എഴുതുന്നു. | ആഴ്ചതോറും | ക്ലാസ്ടീച്ചർ |
| അക്ഷരാവതരണത്തിലൂടെ സചിത്രപാഠങ്ങൾ രൂപീകരിക്കുക.<br>അക്ഷരവിനിമയശേഷി കൈവരിക്കൽ | പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേകപരിശീലനം. | ജൂൺ ജൂലൈ | ക്ലാസ്ടീച്ചേഴ്സ്. |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം | ക്ലാസ്ടീച്ചേഴ്സ് | |
| ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)<br>ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരുദിവസം | | |
| ഇംഗ്ലീഷ് പതിപ്പുകൾ<br>ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഉള്ളതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ പതിപ്പുകൾ ഒരുക്കുന്നു.<br>ജൂൺ- പരിസ്ഥിതി<br>ജൂലൈ- ചന്ദ്രൻ<br>ആഗസ്റ്റ്- സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂ ഇയർ | ഓരോ മാസവും | ക്ലാസ്ടീച്ചേഴ്സ് | |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| Worksheet Work shop<br>മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷിൽ പ്രാവീണ്യം നേടുക. | ദിനനിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപക കൂട്ടായ്മ നേതൃത്വം | ആവശ്യങ്ങിനനുസരിച്ച് | SRG |
| Reading Card Workshop<br>ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളുടെ സഹായത്തോടെ റീഡിംഗ് കാർഡ് നിർമ്മാണം | ജൂലൈ | ഇംഗ്ലീഷ് ക്ലബ് |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലെയും പഠനനേട്ടങ്ങൾ ബേസ് ചെയ്തു വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും ഇടക്കാലത്ത് | |

## ഗണിതം

| | | | | |
|---|---|---|---|---|
| ഗണിതലാബ് (ഗണിത മധുരം) ഗണിതകേളികൾ അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലെത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപെടുവാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ. | 2023-24 | SRG | |
| ഗണിതമൂല അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും അവർ എത്തിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. | ജൂൺ മുതൽ | ക്ലാസ്ടീച്ചർ | |
| യൂണിറ്റ് വിലയിരുത്തൽ ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉദ്ദേശ്യപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്ടീച്ചർ | |
| ഗണിതകേളി അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | ജൂൺ മുതൽ ജനുവരി വരെ | ക്ലാസ്ടീച്ചർ. | |

# പരിസരപഠനം

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനോപകരണ ശില്പശാല<br>ലാബ് ശാക്തീകരണം<br>ശാസ്ത്രപ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണനിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുന്നതും വിവിധ പഠനോപകരണങ്ങളുടെ നിർമാണം. | ഓരോ ടേമിലും | ക്ലാസ്ടീച്ചർ | |
| എന്റെ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>(നാലാം ക്ലാസ്)<br>ശാസ്ത്രപഠനതാല്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം, എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | വർഷാവസാനത്തിലും | ക്ലാസ്ടീച്ചർ | |
| പരിസരബോധംവളർത്തൽ<br>പ്രകൃതിയെ അറിയൽ. | ഫീൽഡ്ട്രിപ്പുകൾ, പരിസരപഠനം എന്നിവയിലൂടെ പരിസരത്തെ അറിയുന്നതിനുള്ള അവസരം. | അവധി ദിവസങ്ങൾ, മാസാവസാനങ്ങളിൽ | ക്ലാസ്ടീച്ചേഴ്സ് SRG, SMC. | |